# Minister of State for External Affairs Smt. MeenakashiLekhi's visit to Serbia (10-13 October, 2021)

October 14, 2021

---

**വിദേശകാര്യ സഹമന്ത്രി ശ്രീമതി. മീനാകാശിലെഖിയുടെ സെർബിയയിലെക്കുള്ള സന്ദർശനം (10-13 ഒക്ടോബർ, 2021)**

ഒക്ടോബർ 14, 2021

1. വിദേശകാര്യ സാംസ്കാരിക സഹമന്ത്രി (MoS) ശ്രീമതി. മീനാകാശിലേഖി 2021 ഒക്ടോബർ 11,12 തിയ്യതികളിൽ ബെൽഗ്രേഡിൽ നടന്ന ചേരിചേരാ പ്രസ്ഥാനത്തിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് നടന്ന ഉന്നതതല അനുസ്മരണ യോഗത്തിൽ പ്രധാനമന്ത്രിയുടെ പ്രത്യേക പ്രതിനിധിയായി ഇന്ത്യൻ സംഘത്തെ നയിച്ചു.

2.കോൺഫറൻസിന്റെ പ്ലീനറി സെഷനിൽ നടത്തിയ തന്റെ പ്രസംഗത്തിൽ,വിദേശകാര്യമന്ത്രി ആഗോള പ്രത്യാഘാതങ്ങളിൽ NAM ന്റെ തുടർന്നുള്ള പ്രസക്തിയും സ്വാധീനവും ഉറപ്പാക്കാൻ NAM അംഗങ്ങളോട് ആവശ്യപ്പെട്ടു. കാലാവസ്ഥ വ്യതിയാനം, തീവ്രവാദം, കോവിഡ് 19 പകർച്ചവ്യാധിയോടുള്ള പ്രതികരണം തുടങ്ങിയ സമകാലിക വിഷയങ്ങളിൽ NAM ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത അവർ അടിവരയിട്ടു പ്രഖ്യാപിച്ചു. ഇക്കാര്യത്തിൽ, ആഗോള ദക്ഷിണ മേഖലയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള തുടർച്ചയായ പ്രതിബദ്ധതയുടെ പ്രകടനമായി 93 രാജ്യങ്ങൾക്ക് 70 ദശലക്ഷത്തിലധികം ഡോസ് വാക്സിനുകൾ വിതരണം ചെയ്തു കൊണ്ടുള്ള ഇന്ത്യയുടെ സംഭാവനകൾ വിദേശകാര്യ സഹമന്ത്രി ഉയർത്തിക്കാട്ടി.

3. ഉന്നതതല NAM മീറ്റിംഗിന്റെ ഭാഗമായി, ഉഗാണ്ടയുടെ വിദേശകാര്യ മന്ത്രി ജനറൽ ജെജോഡോംഗോയുമായി MoS ഒരു ഉഭയകക്ഷി കൂടിക്കാഴ്ചയും നടത്തി, ഉഗാണ്ടയുടെ വരാനിരിക്കുന്ന ചെയർമാന്റെ നേതൃത്വത്തിൽ 2023 മുതൽ NAM കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തു.

4. അവളുടെ സന്ദർശന വേളയിൽ, വിദേശകാര്യ സഹമന്ത്രി സെർബിയ പ്രസിഡന്റ് അലക്സാണ്ടർ വുസിച്ച്, സെർബിയയുടെ പ്രധാനമന്ത്രി.അന ബ്രനബിക് എന്നിവരുമായി കൂടികാഴ്ച നടത്തി, ഉപപ്രധാനമന്ത്രിയും കൃഷി, വനം, ജല പരിപാലന മന്ത്രിയുമായ ബ്രാനിസ്ലാവ് നെഡിമോവിച്ച്, ഡെപ്യൂട്ടി പ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ നെബോജ്സ സ്റ്റെഫനോവിക് ഉപപ്രധാനമന്ത്രിയും സാംസ്കാരിക -വിവര മന്ത്രിയുമായ ജഗോജ്കോവിച്ച്, വ്യാപാര, ടൂറിസം,

ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് മന്ത്രി തറ്റ്ജാനമതിക് കൂടാതെ വിദേശകാര്യ മന്ത്രി നികോല സെലകൊവിക് എന്നിവരുമായുള്ള പ്രത്യേക കൂടിക്കാഴ്ചകളിൽ ഞങ്ങളുടെ ഉഭയകക്ഷി ഇടപെടലിന്റെ വിവിധ വശങ്ങളെക്കുറിച്ചും അവർ വിശദമായ ചർച്ചകൾ നടത്തി. ഈ ചർച്ചകളിൽ, ബന്ധം ഉയർന്ന തലത്തിലേക്ക് ഉയർത്താനുള്ള ഇരുവരുടെയും ആഗ്രഹം ആവർത്തിച്ചു. ഇന്ത്യയും സെർബിയയും തമ്മിലുള്ള ഒരു സാംസ്കാരിക വിനിമയ പരിപാടി സന്ദർശന വേളയിൽ ഒപ്പുവച്ചു.

5. സെർബിയൻ യോഗാ അധ്യാപകർക്കും പ്രാക്ടീഷണർമാർക്കുമൊപ്പം ഒരു യോഗ മാസ്റ്റർ ക്ലാസിൽ വിദേശകാര്യ സഹാമാന്ത്രിയ്ക്കൊപ്പം സെർബിയ പ്രഥമ വനിതയായ ടമാര വുസിച്ചും ചേർന്നു.

6. ബെൽഗ്രേഡ് സർവകലാശാലയിലെ നിയമ ഫാക്കൽറ്റിയിലെ അധ്യാപക ജീവനക്കാരെയും വിദ്യാർത്ഥികളെയും വിദേശകാര്യ സഹമന്ത്രി അഭിസംബോധന ചെയ്തു.ഉച്ചഭക്ഷണ യോഗത്തിൽ തിരഞ്ഞെടുത്ത ഇൻഡോളജിസ്റ്റുകളുമായും ഇൻഡോഫൈലുകളുമായും അവർ ആശയവിനിമയം നടത്തി.

7. ഒരു ചരിത്ര സാംസ്കാരിക സ്ഥാപനമായ മാറ്റികാസർപ്സ്ക വിദേശകാര്യമന്ത്രി സന്ദർശിച്ചു, അവിടെ നിന്നും അവർക്ക് പുരാതന ഇന്ത്യൻ ഗ്രന്ഥങ്ങളുടെ സെർബിയൻ വിവർത്തനങ്ങൾ സമ്മാനിച്ചു.

8. മഹാത്മാഗാന്ധിയുടെയും ഗുരുദേവ് രവീന്ദ്രനാഥ ടാഗോറിന്റെയും ബഹുമാനാർത്ഥം സ്ഥാപിച്ച സ്മാരകങ്ങളിൽ വിദേശകാര്യ മന്ത്രി ആദരം അർപ്പിച്ചു.

9. ഇന്ത്യയും സെർബിയയും തമ്മിലുള്ള അടുത്ത സൗഹൃദ ബന്ധത്തിന് ഈ സന്ദർശനം കൂടുതൽ ഊർജ്ജം നൽകി. ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്ത വിവിധ മേഖലകളിലേക്ക് വികസിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും ഇരു പക്ഷവും അനുകൂലിച്ചു.

**ന്യൂ ഡൽഹി**
**ഒക്ടോബർ 14, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.